**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാന പഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാന പഠന സഹായത്തിനായി ഏതെല്ലാം കോഴ്സുകളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്തിനകത്തുള്ള AISHE Code/ UDISE Codeഉള്ള ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സെൻട്രൽ /സ്റ്റേറ്റ് യൂണിവേഴ്സിറ്റി /യു ജി സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ ഡീംഡ് യൂണിവേഴ്സിറ്റികൾ സംസ്ഥാന കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ, അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ 11,12 ക്ലാസുകൾ പഠിപ്പിക്കുന്ന അംഗീകാരമുള്ള സ്കൂൾ കോളേജുകൾ കേന്ദ്ര/ സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികളുമായോ സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികളുമായോ അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ അംഗീകൃത പോസ്റ്റ്മെട്രിക്കുലേഷൻ/ പോസ്റ്റ് സെക്കന്ററി കോഴ്സുകൾ പഠിക്കുന്നതിന് മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. എന്നാൽ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ മുകളിലെ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവർക്കു മാത്രമേ സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പ് അർഹതയുള്ളൂ. |

സെക്ഷൻ ഓഫീസർ